പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 1658 — 04-12-2015 ൽ മറുപടിക്ക്

## കാർഷിക വായ്പാ തിരിച്ചടവ്

**ചോദ്യം**

ശ്രീ. എ. പ്രദീപ് കുമാർ

**ഉത്തരം**

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) കാർഷിക ഉല്പന്നങ്ങളുടെ വിലത്തകർച്ച, നാണ്യവിളകളുടെ വിലയിടിവ് എന്നിവമൂലം വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത ഒരു കർഷകനെ ജയിലിലടച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കുമോ' | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കാർഷിക വായ്പാ തിരിച്ചടവ് മുടങ്ങുമ്പോൾ കർഷകരെ സഹായിക്കുന്നതിന് കാർഷിക നയത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ബി) | പ്രകൃതിക്ഷോഭം മൂലം വിളനഷ്ടം സംഭവിക്കുമ്പോൾ കർഷകരുടെ ചുമലിൽനിന്നും വായ്പാഭാരം മൊത്തമായി ഒഴിവാക്കുന്നതിന് "ഒരു കാർഷിക വായ്പാ സമാശ്വാസ ഫണ്ട്" രൂപീകരിക്കേണ്ടതാണെന്ന് കാർഷിക വികസന നയത്തിൽ ശുപാർശ ചെയ്തിട്ടുണ്ട്. കാർഷിക വായ്പയുടെ മുതലോ പലിശയോ ഭാഗികമായോ പൂർണ്ണമായോ എഴുതിത്തള്ളാൻ ടി ഫണ്ട് ഉപയോഗപ്പെടുത്താവുന്നതാണെന്നും കാർഷിക വികസന നയത്തിൽ ശുപാർശ ചെയ്യുന്നു. ഈ നയം നടപ്പിൽ വരുമ്പോൾ കർഷകർക്ക് ഗുണകരമായി ഭവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ